# കേരള സർവകലാശാല

നം. പി.ആർ.119/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഇന്നത്തെ പരീക്ഷ കൾ മാറ്റി

കേരള സർവകലാശാല ജൂലൈ ഏഴിന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും.

### പി.ജി പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ 11-ന് തുടങ്ങുന്ന എം.എ /എം.എസ്സി എം.കോം (ഫൈനൽ) പരീക്ഷകൾക്ക് തിരുവനന്തപുരം കേന്ദ്രമായി അപേക്ഷിച്ചവർ നീറമൺകര എൻ.എസ്.എസ് കോളേജ് (എം.കോം പെൺകുട്ടികൾ - രജി.നം 1041415380 - 1041415650), എം.ജി കോളേജ് (എം.കോം പെൺകുട്ടികൾ - രജി.നം 1041415651 - 1041415868), ഗവ. വിമൻസ് കോളേജ് (എം.കോം പെൺകുട്ടികൾ - റീ അപിയറൻസ് & എൽ.എസ്.സി - രജി.നം 1041415065 - 1041415137), കാട്ടാക്കട ക്രിസ്ത്യൻ കോളേജ് (എം. കോം ആൺകുട്ടികൾ റഗുലർ & എൽ.എസ്.സി ആൺകുട്ടികൾ), ഗവ. സംസ്കൃത കോളേജ് (എം.കോം ആൺകുട്ടികൾ റീഅപിയറൻസ്, മ്യൂസിക്, പബ്ലിക് അഡ്മിനിസ്ട്രേഷൻ), ആൾ സെയിന്റ്സ് കോളേജ് (എം.എ ഇംഗ്ലീഷ് പെൺകുട്ടികൾ), തുമ്പ സെന്റ് സേവിയേഴ്സ് കോളേജ് (എം.എ ഇംഗ്ലീഷ് ആൺകുട്ടികൾ, എം.എ ഹിന്ദി, എം.എ ഇസ്ലാമിക് ഹിസ്റ്ററി, സംസ്കൃതം, അറബിക്), വർക്കല ശ്രീ നാരായണ കോളേജ് (മലയാളം), ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് (എം.എ. ഹിസ്റ്ററി, ഫിലോസഫി), ചെമ്പഴന്തി ശ്രീ നാരായണ കോളേജ് (എം.എ ഇക്കണോമിക്സ് & എം. എ പൊളിറ്റിക്കൽ സയൻസ്), ആറ്റിങ്ങൽ ഗവ. കോളേജ് (എം.എസ്സി മാത്തമാറ്റിക്സ്), നെടുമങ്ങാട് ഗവ. കോളേജ് (എം.എ സോഷ്യോളജി),

കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം ശ്രീനാരായണ വനിതാ കോളേജ് (എം. കോം റഗുലർ പെൺകുട്ടികൾ), കൊല്ലം ശ്രീനാരായണ കോളേജ് (എം.കോം - റീ അപിയറിൻസ് പെൺകുട്ടികളും എല്ലാ ആൺകുട്ടികളും), ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജ് (എം.എ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, അറബിക്, ഹിന്ദി, മ്യൂസിക്), ചാത്തന്നൂർ ശ്രീ നാരായണ കോളേജ് (എം.എ ഇംഗ്ലീഷ്), കൊട്ടിയം എം.എം.എൻ.എസ്.എസ് കോളേജ് (എം.എ. മലയാളം, എം.എസ്സി മാത്തമാറ്റിക്സ്), ചവറ ബേബിജോൺ മെമ്മോറിയൽ കോളേജ് (സോഷ്യോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സംസ്കൃതം) എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

ആലപ്പുഴ എസ്.ഡി കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രങ്ങളായിരിക്കും.

സർവകലാശാല പരിധിക്ക് പുറത്ത് പരീക്ഷാകേന്ദ്രങ്ങൾ ആവശ്യപ്പെട്ടവർ കണ്ണൂർ മട്ടന്നൂൻ കോൺകോർഡ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തൃശ്ശൂർ ഇരിങ്ങാലക്കുട നമ്പൂതിരീസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോട്ടയം ഏറ്റുമാനൂർ എം.സി വർഗ്ഗീസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, മലപ്പുറം ഫലാഹിയ അറബിക് കോളേജ്,

പാലക്കാട് ചെർപ്പുളശ്ശേരി ഐഡിയൽ ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ഓൺലൈനായി അപേക്ഷിച്ചവർ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യണം.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല എട്ടാം സെമസ്റ്റർ ബി.ടെക് 2013 സ്കീം കോഴ്സ് കോഡിൽ വരുന്ന നാലാം സെമസ്റ്റർ പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് മെക്കാനിക്കൽ എൻജിനീയറിംഗ് ബ്രാഞ്ച് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡിപ്ലോമ ഇൻ സൈബർ ലാ ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ ഡിപ്ലോമ ഇൻ സൈബർ ലാ & സെക്യൂരിറ്റി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ഫാം ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധന യ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.

## ഗവേഷണ രീതിശാസ്ത്ര ശില്പശാല

കേരള സർവകലാശാല കാര്യവട്ടം മലയാള പഠനവകുപ്പ് റിസർച്ചേഴ്സ് ഫോറം ഗവേഷണരീതിശാസ്ത്രം എന്ന വിഷയത്തിൽ ദ്വിദിന ശില്പശാല ജൂലൈ 11, 12 തിയതികളിൽ നടത്തും. പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ ഒന്നാം പേപ്പറിനെ മുൻനിർത്തിയാണ് ശില്പശാല സംഘടിപ്പിക്കുന്നത്. താല്പര്യമുള്ള ഗവേഷകർ മലയാള പഠനവകുപ്പുമായി ബന്ധപ്പെടുക. ഫോൺ – 0471–2308459.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
05.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ